പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1810 — 21.1.2014-ൽ മറുപടിക്ക്

ഖരമാലിന്യസംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| എ) ഖരമാലിന്യസംസ്ക്കരണം വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്നു വ്യക്തമാക്കുമോ; | എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഖര മാലിന്യ സംസ്ക്കരണം വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിലേയ്ക്ക് വേണ്ടി മാലിന്യ സംസ്ക്കരണ പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിലേയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്ന മുറയ്ക്ക് അവയ്ക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖേന വാർഷിക പദ്ധതിയിലെ തുകയുടെ ലഭ്യതയ്ക്കനുസരിച്ച് നൽകി വരുന്നു. |
| ബി) ഇക്കാര്യത്തിൽ എന്തു ശാശ്വതപരിഹാരമാർഗ്ഗമാണ് പരിഗണനയിലുള്ളതെന്നു വ്യക്തമാക്കുമോ ? | ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെടുന്ന മാലിന്യ സംസ്ക്കരണ യൂണിറ്റുകളിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിലേയ്ക്കായി പദ്ധതി നടപ്പിലാക്കുന്നതിന് പ്രോത്സാഹനം നൽകാനും ആയതിന്റെ ഭാഗമായി കേരളത്തിലെ നിലവിലുള്ള 65 നഗരസഭകളിലും ഏകദേശം 767 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ശുചിത്വമിഷന്റെ വാർഷിക പദ്ധതിയുടെ തുകയുടെ ലഭ്യതയനുസരിച്ച് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ